

# ദോഹ റൗണ്ട് സമ്മേളനം കേരളത്തിന്റെ താൽപര്യങ്ങൾക്ക് അപായസൂചന

തയ്യാറാക്കിയത് : ഡബ്ലിയു.ടി.ഒ. കേരള വർക്കിംഗ് ഗ്രൂപ്പിനുവേണ്ടി 'തണൽ', പരിഭാഷ : ശ്രീജ ശശിധരൻ

**ദോഹ റൗണ്ടിൽ** നടക്കുന്ന ലോകവ്യാപാര സംഘടനയുടെ ചർച്ചകൾ, കേരളത്തിന്റെ താല്പര്യങ്ങളെ കാറ്റിൽ പറത്തുന്നു എന്നുവേണം അനുമാനിക്കാൻ. കാരണം കാർഷിക ഉത്പന്നങ്ങളുടെ ഇറക്കുമതിക്ക് കൂടുതൽ ലളിതമായ താരിഫ് നിരക്കുകൾ ഏർപ്പെടുത്തുക വഴി കർഷകരുടെ ജീവിതം കൂടുതൽ ദുഷ്ക്കരമാകാനുള്ള സാധ്യതകൾ വ്യക്തമാവുകയാണ്. കേരള സർക്കാർ ഇതിനെതിരെയുള്ള പ്രതിഷേധം കേന്ദ്രവ്യവസായ മന്ത്രാലയത്തെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. നിലനിൽക്കുന്ന താരിഫിൽനിന്ന് ഇനിയും ഇളവ് അനുവദിക്കരുതെന്നും അത്തരമൊരു തീരുമാനം ഇന്ത്യയിലെ മുഴുവൻ കർഷകരെയും ബാധിക്കുമെന്നും കേരളം വാദിക്കുന്നു.

എന്നാൽ ഇക്കാര്യത്തിൽ തികച്ചും പരസ്പരവിരുദ്ധമായ നിലപാടാണ് ഇന്ത്യാ ഗവൺമെന്റിനുള്ളത്. ദോഹ റൗണ്ടിൽ നടക്കുന്ന ചർച്ച ദ്രുതഗതിയിലാക്കിയില്ലെങ്കിൽ അത് ഇന്ത്യയെയും അതുപോലെ ജി-33 രാജ്യങ്ങളെയും കാര്യമായി ബാധിക്കുകയും ചർച്ച പരാജയപ്പെട്ടാൽ നഷ്ടം പ്രസ്തുത രാജ്യങ്ങൾക്കുതന്നെയെന്നാണ് ഇന്ത്യൻ നിലപാട്.


വ്യാപാര ഉദാരവത്കരണത്തിനും ഇറക്കുമതിയ്ക്കു മേലുള്ള നിയന്ത്രണങ്ങൾ 2001-ൽ ഇല്ലാതാക്കുകയും ചെയ്തതോടെ, കേരളം തികച്ചും അനിശ്ചിതമായ അവസ്ഥയിലെത്തിചേർന്നിരിക്കുകയാണ് എന്നതാണ് വ്യാപാര വിലനിലവാരങ്ങളുടെ അടിസ്ഥാനത്തിലുള്ള വിശകലനങ്ങളിൽനിന്ന് മനസ്സിലാക്കേണ്ടത്. കാർഷിക ഉത്പന്നങ്ങളുടെ കയറ്റുമതിയിൽ നേരിട്ട തകർച്ച, ക്രമാതീതമായി വർദ്ധിക്കുന്ന ഇറക്കുമതി, ആഭ്യന്തര വിലയിൽ പെട്ടെന്നുണ്ടാകുന്ന ചാഞ്ചാട്ടങ്ങൾ, ഇതിന്റെയൊക്കെ അനന്തരഫലമായ കർഷക ആത്മഹത്യകളും ഉദാരവത്കരണത്തിന്റെ പ്രത്യക്ഷ പ്രതിഫലനങ്ങളായി കാണേണ്ടതുണ്ട്.

ഇത്തരം പ്രതിസന്ധികളെ നേരിടുന്നതിന് ക്രിയാത്മകമായ പല നിർദ്ദേശങ്ങളും കേരളം മുന്നോട്ട് വെയ്ക്കുന്നുണ്ട്. നാളികേരവും അനുബന്ധ ഉത്പന്നങ്ങൾ, കുരുമുളക്, ഏലം, വാനില, അടയ്ക്ക, കാപ്പി എന്നിവയ്ക്ക് നൂറുശതമാനവും തേയിലയ്ക്കും കാപ്പിയ്ക്കും നൂറ്റിഅൻപതു ശതമാനവും താങ്ങുവില വർദ്ധിപ്പിക്കുക എന്നതാണ് പ്രഥമ നിർദ്ദേശം. നാളികേര ഉത്പന്നങ്ങൾക്ക് 15 മുതൽ 100 ശതമാനം വരെയും കുരുമുളകിന് അമ്പതുമുതൽ എഴുപത് ശതമാനം വരെയും വാനിലയ്ക്ക് മുപ്പതുമുതൽ നൂറുശതമാനം വരേയും ഇറക്കുമതി തീരുവ വർദ്ധിപ്പിക്കുകയാണ് വേണ്ടത്. അടയ്ക്കയുടെ ഇറക്കുമതി മുഴുവനായും നിരോധിക്കുക എന്നൊരു പ്രതിരോധ മാർഗ്ഗവും ഇതിലുൾപ്പെടുന്നു.


നാളികേര ഉത്പന്നങ്ങൾ, കുരുമുളക്, മൂല്യവർദ്ധിത കുരുമുളക് ഉത്പന്നങ്ങൾ, വാനില, അടയ്ക്ക, ഏലം, ജാതി, മഞ്ഞൾ, ഇഞ്ചി, തേയില, കാപ്പി തുടങ്ങിയവയെ ഉപജീവന സുരക്ഷിതത്വത്തിന്റെയും ഗ്രാമീണ വികസനത്തിന്റെയും പ്രത്യേക ഉപാധികളായി കണക്കാക്കി സവിശേഷ ശ്രദ്ധ കൊടുക്കണമെന്നും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. അണ്ടിപ്പരിപ്പ്, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ഏലം, പ്രകൃതിദത്ത വാനില, തേയില, കാപ്പിക്കുരു, സംസ്കരിക്കാത്ത സോയബീൻ എണ്ണ, പാമോയിൽ, തുടങ്ങിയവയും ഇത്തരം ഒരു പ്രത്യേക പരിരക്ഷ, സംവിധാനത്തിൽ ഉൾപ്പെടുത്തേണ്ടതാണെന്നും കേരള സർക്കാർ അഭിപ്രായമുന്നയിച്ചിട്ടുണ്ട്.

ഉപജീവനമാർഗ്ഗങ്ങളായ വിളകളെ 'സെൻസിറ്റീവ് പ്രോഡക്റ്റ്സ്' എന്ന പട്ടികയിൽ ഉൾപ്പെടുത്തുന്നതി

നെയും അത്തരം ഉൽപ്പന്നങ്ങൾക്ക് കുറഞ്ഞ തീരുവ നിരക്കിൽ ഇറക്കുമതി ചെയ്യാനുള്ള ശ്രമങ്ങളെയും സർക്കാർ നിശിതമായി എതിർക്കുന്നു. എൻ.എ.എം.എ. കരാറിൽ സ്വാഭാവിക റബ്ബർ ഉത്പന്നങ്ങൾ, കയറുൽപ്പന്നങ്ങൾ, മത്സ്യോൽപ്പന്നങ്ങൾ തുടങ്ങിയവയ്ക്ക് പരിരക്ഷ നൽകണമെന്ന് കേരളം ആവശ്യമുന്നയിച്ചിട്ടുണ്ട്.



എന്നാൽ കേന്ദ്രവ്യവസായ മന്ത്രാലയം തോട്ടം മേഖലയിലെ ആളുകളെ സ്വാധീനിക്കാനുള്ള ശ്രമങ്ങൾ നടത്തുകയാണ്. ഇതിന്റെ ഭാഗമായി കാലഹരണപ്പെട്ടുപോയ തോട്ടങ്ങളിൽ പുതിയവ നട്ടുപ്പിടിപ്പിക്കുന്നതിന് വൻതുകകളാണ് വാഗ്ദാനം ചെയ്യുന്നത്. ഇതിലേയ്ക്കായി മുമ്പ് പ്രഖ്യാപിച്ച 2,900 കോടി രൂപ അനുവദിച്ചുകഴിഞ്ഞു. ഇത് തികച്ചും കാപട്യമാണ്. കാരണം, കേരളത്തിൽ റബ്ബർ ഒഴികെയുള്ള മറ്റൊരു ഉൽപ്പന്നത്തിനും കൂടുതൽ ഉൽപ്പാദന സാധ്യതകളോ, അന്തർദേശീയ വിപണികളെ ആകർഷിക്കാനുള്ളത്ര ഉൽപ്പാദനമോ മത്സരക്ഷമമായ വിലയോ ഇല്ലെന്നതുതന്നെയാണ്. കേരളത്തിന്റെ പെരുമ നിലനിർത്താനായി ഇന്ന് ബഹുരാഷ്ട്ര വിപണിയിൽ ഇന്ന് ആകെയുള്ളത് മലബാറിൽ നിന്നുള്ള കുരുമുളക്, ആലപ്പുഴയിലെ ഏലം എന്നിവയാണ്.




ചർച്ചകൾ ഉടനെ പൂർത്തിയാക്കണമെന്നാണ് അമേരിക്ക ആഗ്രഹിക്കുന്നത്. അതുകൊണ്ട് തന്നെ കേന്ദ്രസംഘത്തെ നയിക്കുന്ന വ്യവസായ മന്ത്രി കമൽനാഥും സഹമന്ത്രി ജയറാം രമേഷും വ്യവസായ സെക്രട്ടറി ഗോപാലകൃഷ്ണപിള്ളയും അമേരിക്കൻ വ്യവസായ പ്രതിനിധികളുടെയും പ്രധാനമന്ത്രിയുടെ ഓഫീസിൽനിന്നുമുള്ള ശക്തിയായ സമ്മർദ്ദത്തിൽ അകപ്പെടുകയാണ്. അവസാന വിലപേശലിൽ ഇന്ത്യയും ഇവിടത്തെ കോർപ്പറേറ്റ് ശക്തികളും കേരളത്തിലെ 1.5 കോടിയിലധികം വരുന്ന കർഷകരുടെ നീറുന്ന പ്രശ്നങ്ങൾ എങ്ങനെ ലഘൂകരിക്കാം എന്ന വലിയ വെല്ലുവിളിയാണ് ഏറ്റെടുക്കുന്നത്. തോട്ടം മേഖലയ്ക്ക് ഇത് ആശ്വാസപാക്കേജുകളിലൂടെയും പ്രത്യേക ദൗത്യ സംഘങ്ങളും കമ്മിറ്റികളും കൂടാതെ തോട്ടം മേഖല വികസിപ്പിക്കുന്നതിനുള്ള സഹായം സമാശ്വാസ സന്ദർശനങ്ങളും ഉണ്ടാകും. എന്നാൽ അവസാന കരാർ തയ്യാറാകുന്നതുവരെയും അതിൽ ഒപ്പുവയ്ക്കുന്നതുവരെയും ജനങ്ങളുടെ കണ്ണിൽ പൊടിയിടാനാണ് ഇത്തരം ശ്രമങ്ങൾ.

ഒരേ സ്വരത്തിലും ആർജ്ജവത്തിലും കേരളം പ്രതികരിക്കേണ്ട നിർണ്ണായക സമയമിതാണ്. മുല്ലപ്പെരിയാറും കാവേരിയും കർണാടകയിലേയും തമിഴ്നാട്ടിലേയും ജനങ്ങളുടെ ജീവന്മരണ പ്രശ്നമായി കരുതി, അവരുടെ ജനപ്രതിനിധികൾ അസംബ്ലിയിലും പാർലമെന്റിലും പ്രക്ഷുബ്ധമായ രംഗങ്ങൾ സൃഷ്ടിക്കുകയും ഒരു സമ്മർദ്ദസംഘമായി മാറുകയും അവരുടെ ജനങ്ങളെയും അവകാശങ്ങളെയും സംരക്ഷിക്കാൻ ഏത് നില വരെ പോരാടാനും അവർ തയ്യാറുമാണ്. എന്നാൽ കേരളത്തിന്റെ, നമ്മുടെ പ്രതികരണങ്ങൾ ദുർബലവും ആശയക്കുഴപ്പങ്ങൾ സൃഷ്ടിക്കുന്നതുമാണ്.

ദോഹ റൗണ്ട് ചർച്ചകൾ മരണത്തിന്റെ മണിമുഴക്കുന്നതാണ്. ഇതിനെ നാം ചെറുത്തു നിൽക്കണം. അല്ലെങ്കിൽ ഒരു സംസ്ഥാനം തന്നെ പരാജയത്തിലേക്കമർന്നുപോകും. കേരളത്തിന്റെ ചിന്താവിഷയങ്ങൾ ഒരു പൊതുചർച്ചയിലേക്ക് വരേണ്ട സമയമിതാണ്. കേരള നിയമസഭ അടിയന്തിരമായി ചേർന്ന് ഈ പ്രശ്നങ്ങൾ ചർച്ച ചെയ്യേണ്ടതും ഇതിനു വേണ്ടിയുള്ള പരിശ്രമങ്ങൾ നടത്തേണ്ടതുമാണ്. അതോടൊപ്പം അമേരിക്കൻ ഇന്ത്യൻ വ്യവസായ ഭീമന്മാരുടെ നേട്ടങ്ങൾക്കുവേണ്ടി കേരളത്തിലെ കർഷകരുടെ ജീവിതംകൊണ്ടുള്ള ഒരു ഒത്തുതീർപ്പിന് തയ്യാറല്ല എന്ന് ഐക്യകണ്ഠേന നമ്മുടെ എം.പിമാർ പാർലമെന്റിൽ പറയുമെന്ന് ഉറപ്പുവരുത്തേണ്ടതുമുണ്ട്.

പ്രിയ കേരളീയം വായനക്കാരാ,

താങ്കൾ കേരളീയത്തോടൊപ്പം എന്നും ഉണ്ടായിരുന്നു. നമ്മൾ സാമ്പത്തിക പ്രതിസന്ധിയിലാണ്. ദയവായി വരിസംഖ്യ (180 രൂപ), കഴിയുന്ന സംഭാവന ഉടനെ അയച്ചുതരിക.

കേരളീയം, കൊക്കാലെ, തൃശൂർ-21.
ഫോൺ : 9388872845, 9447674375